# SSLC MODEL EXAMINATION 2022-23

## കേരള പാഠാവലി

**SET-1**

**സമയം : 1½ മണിക്കൂർ** **ആകെ സ്കോർ : 40**

**പൊതുനിർദേശങ്ങൾ**

- ആദ്യ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യം വായിക്കുന്നതിനും ഉത്തരം ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കേണ്ടതാണ്.
- നിർദേശങ്ങളും ചോദ്യങ്ങളും അനുസരിച്ചു മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**
(4 × 1 = 4)

1 'കവികൾക്ക് ലോകമെമ്പാടും ഒരു ഭാഷയേയുള്ളൂ' എന്ന വരികളിലെ അർത്ഥസൂചന.

- എല്ലാ കവികളും ഒരേ ഭാഷയിലാണ് കവിതയെഴുതുന്നത്.
- ലോകമെമ്പാടുമുള്ള കവികൾ ഒരു പ്രത്യേകഭാഷയിലാണ് സംസാരിക്കുന്നത്.
- കവിതകളിലെ വികാരാവിഷ്കാരം, പ്രമേയം മുതലായവയ്ക്ക് സാമ്യമുണ്ട്.
- കവിതകൾ വിവിധഭാഷകളിലേക്ക് പരിഭാഷപ്പെടുത്താറുണ്ട്.

2 'അതെല്ലാം എരിവും പുളിവും ചേർത്തുപകർത്തിയയച്ച ആ ഷ്കോൾക്കുട്ടിയാണ് തന്റെ മുമ്പിൽ നിൽക്കുന്നതെന്ന് ആ മാന്യൻ അറിയുന്നില്ല.' അടിവരയിട്ട ശൈലിക്ക് യോജിക്കുന്നത്.

- ഭാവതീവ്രതയോടെ അവതരിപ്പിക്കുക.
- തെറ്റായ കാര്യങ്ങൾ കൂട്ടിച്ചേർത്ത് അവതരിപ്പിക്കുക.
- കേട്ട കാര്യങ്ങൾ അതുപോലെ അവതരിപ്പിക്കുക.
- നല്ല കൈയക്ഷരത്തിൽ എഴുതുക.

3 'ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു.' ഈ വരികൾക്ക് യോജിക്കുന്ന പ്രസ്താവന ഏത് ?

- പുറത്തെ മഞ്ഞിലൂടെനടന്ന് വീട്ടിൽപ്രവേശിച്ചപ്പോൾ കിഴവൻമിറലിന് ആശ്വാസം തോന്നി.
- വീടിനുള്ളിൽ കത്തിച്ചുവച്ചിരുന്ന വിളക്കിന്റെചൂട് കിഴവൻമിറലിന് ആശ്വാസമായി.
- മകൻ മരിച്ച വിവരം ആരോടും തുറന്നുപറയാൻ കഴിയാത്തത് മിറലിനെ വേദനിപ്പിച്ചു.
- തീക്കനലുകൾ വീടിനുള്ളിൽ തണുപ്പകറ്റിയിരുന്നു.

4 'ധരണിയിലുള്ള പരിഷകൾ നളനെച്ചെന്നു കാണും' ഇവിടെ പുഷ്കരന്റെ ഭാവം

- നിരാശ
- സ്നേഹം
- നിസ്സഹായത
- ഭയം

5 മാതൃകപോലെ എഴുതുക

ഗുരുസമീപം - ഗുരുവിന്റെ സമീപം

പല്ലിൻമൊട്ടുകൾ -

**6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** (2 × 2= 4)

6 "എരിയാൻ വിറകിന്നു കാത്തിടും

പൊരിയായുള്ളൊരു ഹവ്യവാഹന്

ശരിയായി നിനച്ചിടുന്നു ഞാൻ

പെരിയോർക്കുള്ളൊരു വീരബാലനെ"

ഈ വരികളുടെ കാവ്യപരമായ സവിശേഷതകൾ എഴുതുക.

7 സുധീർ അനുതാപപൂർവം വൃദ്ധയെപ്പറ്റി ഓർത്തു.

പണ്ട് ലണ്ടനിലും ന്യൂയോർക്കിലും വച്ച് കണ്ട മാഡം തലത്തിനെപ്പറ്റി അയാൾ ഓർത്തുപോയി.

അടിവരയിട്ട പദങ്ങളുടെഅർത്ഥവ്യത്യാസം കുറിക്കുക.

8 'പണ്ടു നിന്നെയൊരിളം കുരുന്നതായ്

കണ്ടു ഞാൻ, സപദി വല്ലിയായ് നീ'

നളിനിയിലുണ്ടായ മാറ്റത്തെക്കുറിച്ച് എന്തെല്ലാം സൂചനകളാണ് ഈ വരികളിലുള്ളത്?

**9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **(5 × 4 =20)**

9 'ചക്ഷുഃശ്രവണഗളസ്ഥമാം ദർദുരം

ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ

കാലാഹിനാ പരിഗ്രസ്തമാം ലോകവു-

മാലോലചേതസാ ഭോഗങ്ങൾ തേടുന്നു' (ലക്ഷ്മണസാന്ത്വനം)

കാവ്യഭാഗത്തെ മറ്റ് വരികൾകൂടി പരിഗണിച്ച് എഴുത്തച്ഛന്റെ ഭാഷാശൈലിയെക്കുറിച്ച് ഒരു ലഘുകുറിപ്പ് തയാറാക്കുക.

10. 'ഇനി ഇങ്ങോട്ടു വരുമ്പോൾ നിങ്ങൾ തോട്ടത്തിലൂടെ കടന്നുപോരണമെന്നില്ല. തെരുവിലേക്കുള്ള വാതിലിടൂടെത്തന്നെ എപ്പോഴും വരുകയും പോവുകയും ചെയ്യാം. രാത്രിയും പകലും ഒരു നീക്കു നീക്കിയിരിക്കുന്നതു കൂടാതെ അതൊരിക്കലും പൂട്ടിയിടുകയില്ല.' (പാവങ്ങൾ)

മെത്രാന്റെ ഈ നിലപാട് സമൂഹത്തിന് നൽകുന്ന സന്ദേശമെന്ത്?

11 'കൈപ്പടങ്ങളിൽ എന്തോ നനഞ്ഞുകുതിരുന്നു. കോടച്ചി കെട്ടിത്തന്ന പൊതിച്ചോറാണ്.' (കടൽത്തീരത്ത്)

പൊതിച്ചോറിന് കഥയിലുള്ള സ്ഥാനം വിലയിരുത്തി കുറിപ്പ് തയാറാക്കുക.

12 'എനിക്കു കൈമലർത്താനൊക്കുമോ? ആ ചരടുകളെല്ലാംകൂടി കെട്ടുപിണഞ്ഞ്, ആ കെട്ടുകളിൽ കുരുങ്ങിക്കിടന്ന് എന്റെ ജീവിതം പിടയുന്നു!'

'അതു പറയുമ്പോൾ ദസ്തയേവ്സ്കിയുടെ തൊണ്ട ഇടറി. അന്ന നോക്കുമ്പോൾ അദ്ദേഹം നിറഞ്ഞൊഴുകുന്ന സ്വന്തം കണ്ണുകൾ തുടയ്ക്കുന്നു.'

(ആത്മാവിന്റെ വെളിപാടുകൾ)

നോവൽഭാഗം വിശകലനം ചെയ്ത് ദസ്തയേവ്സ്കി എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയാറാക്കുക.

13 'മുക്കാലും കുരുടിയായിരുന്ന ആ മുത്തിത്തള്ളയാണ് ചെറുകഥാരചനയിൽ എന്റെ ആദ്യത്തെ ഗുരുനാഥ. അവരുടെ മകന് അന്ന് ഞാനെഴുതിയ കത്തുകളാണ് എന്റെ ആദ്യത്തെ ചെറുകഥകൾ.'(ഞാൻ കഥാകാരനായ കഥ)

ആ കത്തുകളാണ് തന്റെ ആദ്യത്തെ ചെറുകഥകൾ എന്നുപറയാൻ എസ് കെ പൊറ്റക്കാടിനെ പ്രേരിപ്പിച്ചതെന്ത്?

14 'വെട്ടിവെട്ടി പ്രകൃതിയെ മല്ലിട്ടു
വെറ്റി നേടിയതാണതിൻ സിദ്ധികൾ'
'ദൃപ്തരാഷ്ട്രപ്രതാപങ്ങൾതൻ കോട്ട
കൊത്തളങ്ങളെപ്പിന്നിടും യാത്രയിൽ'
'എത്ര കൊറ്റക്കുടകൾ, യുഗങ്ങളിൽ
കുത്തിനിർത്തിയ മുത്തണിക്കൂണുകൾ'

സാഹിത്യചരിത്രത്തെ സംബന്ധിച്ച എന്തെല്ലാം സൂചനകൾ 'അശ്വമേധം'എന്ന കവിതയിലുണ്ടെന്ന് കണ്ടെത്തിയെഴുതുക.

**15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** $(2 \times 6 = 12)$

15 'എന്റെ സഹോദരി, ദുശ്ശള, അവളുടെ ഭർത്താവും സഹോദരന്മാരും മരിച്ചതു കേട്ട് കരഞ്ഞു കരഞ്ഞ് എന്താവുമോ, ആവോ!'

'ഞാൻ ശിബിരത്തിൽ കടന്നു കാലനെപ്പോലെ പ്രവർത്തിക്കും'

(യുദ്ധത്തിന്റെ പരിണാമം)

പാഠഭാഗത്തെ മറ്റു സന്ദർഭങ്ങൾകൂടി പരിഗണിച്ച് 'യുദ്ധം വരുത്തുന്ന വിനകൾ' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

16 'ക്രോധമല്ലോ നിജ ധർമ്മക്ഷയകരം

ക്രോധം പരിത്യജിക്കേണം ബുധജനം'(ലക്ഷ്മണസാന്ത്വനം)

'മോഹമകന്നു തെളിഞ്ഞേൻ,

മോഹനതനു! വന്നു നീയുമെന്നരികിൽ

രാഹുവിനെ വിട്ടു ചന്ദ്രൻ

രോഹിണിയോടൊത്തു ചേർന്നു ഭാഗ്യവശാൽ' (ഋതുയോഗം)

'ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്നു നിങ്ങൾ പ്രതിജ്ഞചെയ്തിട്ടുള്ളതു മറക്കരുതേ, ഒരിക്കലും മറന്നുപോകരുത്.' (പാവങ്ങൾ)

കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തി 'കാലാതീതമായ സാഹിത്യം' എന്ന വിഷയത്തിൽ മുഖപ്രസംഗം തയാറാക്കുക.

17 'ഒരു വെൺലില്ലിപ്പൂവിൽ ശോണരേഖകൾപോലെ,

തിരുശോണിതം വാർന്ന പാടുകളുടലാകെ!'

'പുഞ്ചിരിപ്പൂ ഞാൻ, വീണ്ടുമുണർന്നാക്കുളുർവെണ്ണ

ക്കല്ലിനുമീതെ നിന്റെ ചുറ്റികയൊരു കരി

വണ്ടുപോൽ ചുറ്റിപ്പറന്നുളിതൻ നിറുകയിൽ

ചുംബിക്കും ഹർഷോന്മാദസീൽക്കാരം കേൾക്കുന്നു ഞാൻ'

'പിയത്ത'യെന്ന വിശ്വപ്രസിദ്ധ ശിൽപ്പം നേരിൽകാണുന്ന അനുഭവം വായനക്കാരന് പകർന്നുനൽകുന്ന കവിതയാണ് മൈക്കലാഞ്ജലോ മാപ്പ്.

'മൈക്കലാഞ്ജലോ മാപ്പ്' എന്ന കവിതയ്ക്ക് ആസ്വാദനം തയാറാക്കുക.